## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് – അമ്പെയ്ത്ത് പരിശീലന കേന്ദ്രം, കായിക പരിശീലന കേന്ദ്രം ഇവ സ്ഥാപിക്കൽ – പഞ്ചായത്ത് വാങ്ങിയ 8 ഏക്കർ സ്ഥലം സ്പോർട്ട്സ് യുവജനകാര്യ ഡയറക്ടർക്ക് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

### തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 622/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 11, 2009.

പരാമർശം: (1) പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 30-07-2007-ലെ 1/07-ാം നമ്പർ തീരുമാനം.

(2) പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01-10-2007-ലെ എ.5-1520/07 നമ്പർ കത്ത്.

(3) പഞ്ചായത്ത് ഡയറക്ടറുടെ 20-01-2009-ലെ സി.2-45170/07 നമ്പർ കത്ത്.

ഉത്തരവ്

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടേയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, കേന്ദ്ര ഗവൺമെന്റ് തുടങ്ങാനുദ്ദേശിക്കുന്ന അമ്പെയ്ത്ത് പരിശീലന കേന്ദ്രം, കായിക പരിശീലന കേന്ദ്രം എന്നിവയ്ക്കായി, ഗ്രാമപഞ്ചായത്ത് വാങ്ങിയ പുൽപ്പള്ളി വില്ലേജിലെ സർവ്വേ നമ്പർ 129/2, 129/3, 129/4, 129/5 എന്നിവയിൽപ്പെട്ട 8 ഏക്കർ സ്ഥലം ആയത് മേൽപ്പറഞ്ഞ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നും അല്ലാത്ത പക്ഷം സ്ഥലം തിരികെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കണമെന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ സ്പോർട്ട്സ് യുവജനകാര്യ ഡയറക്ടർക്ക് കൈമാറുന്നതിന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട്.

ജില്ലാകളക്ടർ, വയനാട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.